# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 11 (ANNUALEXAM 2024)

**1) ഓർത്തഡോക്സ് സഭാ വീക്ഷണത്തിൽ ബൈബിളിനെ സംബന്ധിച്ചു ഏറ്റവും യോജിക്കുന്ന പ്രസ്താവന തെരഞ്ഞെടുക്കുക**

**A) എല്ലാ പ്രസ്താവനകളും ശരിയാണ്**
B) സഭയുടെ ആധികാരിക ഗ്രന്ഥം ബൈബിൾ ആണ്
C) ദൈവ കൽപനയാൽ പരിശുദ്ധാത്മ നിയോഗത്താൽ ആണ് ബൈബിൾ എഴുതപ്പെട്ടത്
D) സഭയുടെ വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രധാന സ്രോതസ്സ് ബൈബിൾ ആണ്

**2) പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധങ്ങളിൽ ഉൾപ്പെടാത്ത പ്രസ്താവന**

**A) പഴയ നിയമത്തിലെ എല്ലാ അനുഷ്ഠാനങ്ങളും പുതിയ നിയമത്തിലും ഉൾപ്പെട്ടിരിക്കുന്നു**
B) രണ്ടിലും ഒരേ ദൈവത്തെ കുറിച്ചാണ് സംസാരിക്കുന്നത്
C) പഴയനിയമത്തിലെ പ്രവചനങ്ങൾ പുതിയ നിയമത്തിൽ പൂർത്തീകരിക്കപ്പെടുന്നു
D) പഴയ നിയമ സംഭവങ്ങൾ പുതിയ നിയമത്തിന്റെ മുൻകുറികളാണ്

**3) തന്നിരിക്കുന്നവയിൽ യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകത എന്താണ്?**

**A) ഏഴ് അടയാളങ്ങൾ മാത്രം വിവരിച്ചിരിക്കുന്നു**
B) ധാരാളം ഉപമകൾ ഉപയോഗിച്ചുള്ള വിശദീകരങ്ങൾ ഉണ്ട്
C) യേശുവിന്റെ പരസ്യ ശുശ്രൂഷ കാലം 3 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു
D) ഭൂതോച്ചാടനത്തിന് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നു

**4) സഭയുടെ ആധികാരികത ഇല്ലായിരുന്നു എങ്കിൽ ഞാൻ സുവിശേഷത്തിൽ വിശ്വസിക്കയില്ലായിരുന്നു എന്ന് പ്രസ്താവിച്ച ആൾ?**

**A) വിശുദ്ധ അഗസ്തിനോസ്**
B) തെർത്തുല്യൻ
C) വിശുദ്ധ യാക്കോബ്
D) അലക്സാണ്ഡ്രിയയിലെ അത്താനാസിയോസ്

**5) വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയുടെ ഭാഗമല്ലാത്തത് തെരഞ്ഞെടുക്കുക.**

**A) വെളിപാട് പുസ്തകം**
B) ന്യായപ്രമാണഗ്രന്ഥങ്ങൾ
C) സങ്കീർത്തനങ്ങൾ
D) പ്രവചനഗ്രന്ഥങ്ങൾ

**6) മഹാത്മാ ഗാന്ധിയുടെ സർവോദയ ചിന്തയുടെ ഭാഗമല്ലാത്ത പ്രസ്താവന ഏത് ?**

**A) ഏറ്റവും അർഹമായതിന് അതിജീവനം ഉണ്ടാകണം**
B) എല്ലാവർക്കും അഭ്യുന്നതി ഉണ്ടാകണം
C) സമൂഹത്തിലെ തിരസ്കരിക്കപ്പെട്ടവരെ ലക്ഷ്യമാക്കുന്നതാണ്
D) മനുഷ്യന്റെ ആത്യന്തിക ലക്ഷ്യമായ ദൈവിക യാഥാർഥ്യത്തിന്റെ ഭാഗമാണ് ഈ ചിന്ത

**7) ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനുശേഷം ക്രൈസ്തവസഭയുടെ**

**യെരുശലേമിലുണ്ടായ വളർച്ചയ്ക്കു പെട്ടെന്നുള്ള കാരണം**
**A) പരിശുദ്ധാത്മ അഭിഷേകം**
B) മിലാൻ വിളംബരം
C) യെരുശലേം സുന്നഹദോസ്
D) ശെമ്മാശന്മാരുടെ തെരെഞ്ഞെടുപ്പ്

**8) യെരുശലേം കൗൺസിലിന്റെ പ്രാധാന്യത്തിൽ ഉൾപ്പെടാത്തത് ?**
**A) പീഡകൾ അവസാനിക്കുന്നതിന് കാരണമായി**
B) സഭയ്ക്ക് തനതായ അസ്ഥിത്വം ഉണ്ടാക്കുന്നതിൽ പങ്കു വഹിച്ചു
C) തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിന് മാതൃകയായി
D) സഭയിൽ തീരുമാനങ്ങൾ എങ്ങനെ എടുക്കാം എന്ന് കാണിച്ചു തന്നു

**9) ആദിമ സഭയിൽ ഞായറാഴ്ച പൊതു അവധി ദിനമായി പ്രഖ്യാപിക്കപ്പെടുവാൻ ഇടയായ സംഭവം**
**A) മിലാൻ വിളംബരം**
B) യെരുശലേം സുന്നഹദോസ്
C) വേദപുസ്തക കാനോനിന്റെ രൂപീകരണം
D) കുരിശുയുദ്ധങ്ങൾ

**10) റോമാ സാമ്രാജ്യത്തിലെ സഭകൾ A.D 451 ൽ വിഭജിച്ചതിനു കാരണം?**
**A) യേശുക്രിസ്തുവിൽ ദൈവ-മനുഷ്യ സ്വഭാവങ്ങളെക്കുറിച്ചു എവുത്തിക്കൂസ് നടത്തിയ അഭിപ്രായം**
B) അറിയോസിന്റെ വേദവിപരീതം
C) മിലാൻ വിളംബരം
D) കുരിശു യുദ്ധങ്ങൾ

**11) തന്നിരിക്കുന്നവയിൽ നിന്ന് നവീകരണ പ്രസ്ഥാനത്തിന്റെ ആരംഭ കാരണങ്ങളിൽ ഒന്ന് തെരഞ്ഞെടുക്കുക.**
**A) പാപമോചനച്ചീട്ടു വില്പന**
B) സഭാ വിഭജനം
C) റോമാസഭയുടെ അപ്രമാദിത്വം
D) എല്ലാ ഉത്തരങ്ങളും ശരിയാണ്

**12) ജീവനും പ്രവർത്തനവും മൂവ്മെന്റുമായി ഏറ്റവും യോജിക്കുന്ന പ്രസ്താവന?**
**A) ക്രിസ്തീയത എന്നത് ക്രിസ്തുമാർഗത്തിൽ ജീവിതം കൊണ്ടുപോവുക എന്നതാണ്**
B) മതവിശ്വാസങ്ങൾ യോജിച്ചു പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ പഠിക്കുക
C) വിവിധ ക്രൈസ്തവ വിഭാഗങ്ങൾ യോജിക്കാനുള്ള സാദ്ധ്യതകൾ മനസിലാക്കുക
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**13) WCC രൂപീകരണ യോഗത്തിൽ മലങ്കരസഭയെ പ്രതിനിധീകരിച്ചു പങ്കെടുത്ത വ്യക്തി?**
**A) അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപോലിത്ത**
B) പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപോലിത്ത
C) ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപോലിത്ത
D) സ്തെഫനോസ് മാർ തേവോദോസിയോസ് മെത്രാപോലിത്ത

**14) തോമാശ്ലീഹാ വടക്കേ ഇന്ത്യയിൽ സുവിശേഷം അറിയിച്ചു എന്നത് പരാമർശിക്കുന്ന പ്രധാന കൃതി ?**
**A) യൂദാസ് തോമസിന്റെ പ്രവർത്തനങ്ങൾ**
B) ഡിഡാകെ
C) അപ്പോസ്തോല പ്രവർത്തികൾ

D) ശിഷ്യന്മാരുടെ പ്രവർത്തനങ്ങൾ

**15) മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിലുള്ള ബന്ധത്തിനു ശക്തി പകർന്ന വസ്തുത?**

**A) പൊതുവായ മാർത്തോമാ പൈതൃകം**

B) കാതോലിക്ക സ്ഥാനവാഴ്ച

C) വ്യാപാരതാല്പര്യം

D) മിഷൻ പ്രവർത്തനത്തിനുള്ള താല്പര്യം

**16) മലങ്കരസഭയെ കത്തോലിക്ക വിശ്വാസത്തിലേക്ക് മാറ്റുവാൻ പോർട്ടുഗീസ് നടത്തിയ ഉദ്യമം?**

**A) ഉദയംപേരൂർ സുന്നഹദോസ്**

B) പേർഷ്യൻ കുടിയേറ്റം

C) മുളന്തുരുത്തി സുന്നഹദോസ്

D) ഒരു ഉത്തരവും ശരിയല്ല

**17) വിദേശ ശക്തികൾക്കെതിരെ മലങ്കരയിൽ നടന്ന ആദ്യത്തെ സ്വാതന്ത്ര്യ സമരം?**

**A) കൂനൻ കുരിശ് സത്യം**

B) നസ്രാണി മൂവ് മെൻറ്

C) നവീകരണ മൂവ് മെന്റ്

D) മുളന്തുരുത്തി സുന്നഹദോസ്

**18) മലങ്കര സഭയും സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധം ആരംഭിച്ച സംഭവം**

**A) യെരുശലേമിലെ അബ്ദുൽ ജലീൽ മലങ്കരയിൽ എത്തിയത്**

B) കൂനൻ കുരിശു സത്യം

C) മുളന്തുരുത്തി സുന്നഹദോസ്

D) പാലക്കുന്നത് മാർ അത്തനാസിയോസിന്റെ മെത്രാൻ വാഴ്ച

**19) പഴയസെമിനാരി സ്ഥാപനത്തെക്കുറിച്ചു ശരിയായ പ്രസ്താവനകൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**

**(i) റാണി ലക്ഷ്മി ഭായ് സ്ഥലം നൽകി**

**(ii) ബെഞ്ചമിൻ ബെയ്ലിയുടെ സഹായത്തോടെ പഴയസെമിനാരി പണിതു**

**(iii) 1815 ൽ സെമിനാരി സ്ഥാപിക്കപ്പെട്ടു**

**(iv) കൊച്ചി പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് സെമിനാരി സ്ഥാപിക്കപ്പെട്ടത്**

**(v) കേരള പ്രദേശത്തു ആദ്യമായ് ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് പഴയസെമിനാരിയിൽ ആണ്**

**(vi) മലങ്കര സഭയുടെ ഭരണ സിരാകേന്ദ്രം ആയി മാറി**

**A) {i), (iii), (v), (vi)**

B) (i), (ii), (iii), (iv)

C) (ii), (iii), (iv), (v)

D) (i), (iv), (v), (vi)

**20) കാതോലിക്ക സ്ഥാനവും മലങ്കാരമെത്രാപ്പോലീത്ത സ്ഥാനവും ഒരാളിൽ തന്നെ നിക്ഷിപ്തമാക്കി തീരുമാനിച്ച മീറ്റിംഗ്?**

**A) 1934ലെ മലങ്കര അസോസിയേഷൻ**

B) 1876ലെ മുളന്തുരുത്തി സുന്നഹദോസ്

C) 2002ലെ മലങ്കര അസോസിയേഷൻ

D) 1958ലെ സുപ്രീം കോടതി വിധി

**21) കാതോലിക്ക എന്ന പേരിന്റെ അർത്ഥം?**

**A) പൊതുവിന്റെ ആൾ**
B) ഫലം കായ്ക്കുന്നവൻ
C) പ്രധാന പിതാവ്
D) എല്ലാം ശരിയാണ്

**22) മലങ്കര സഭയിൽ വിഘടിച്ചു നിന്ന യാക്കോബായ വിഭാഗം സുപ്രീം കോടതി വിധി അനുസരിച്ച് മലങ്കര സഭയിൽ ലയിച്ച വർഷം?**
**A) 1958**
B) 1934
C) 1912
D) 2002

**23) വിവാഹ കൂദാശ സമയത്തെ സുവിശേഷ വായനയിൽ പരാമർശിക്കുന്ന വസ്തുത?**
**A) വിവാഹബന്ധം വേർപിരിക്കാനാവില്ല**
B) കുടുംബത്തെ ദൈവം സൃഷ്ടിച്ചു
C) ഒരു ഭാര്യയും ഒരു ഭർത്താവും ആണ് കുടുംബ ജീവിതം
D) കുടുംബം കർത്താവും സഭയും പോലെയുള്ള ബന്ധമാണ്

**24) ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ ആവശ്യമായ കാര്യം?**
**A) കുടുംബം ദൈവസൃഷ്ടിയാണെന്ന് വിശ്വസിക്കുക**
B) പരസ്പരം ബഹുമാനം വളർത്തുക
C) മാധ്യമങ്ങളുടെ തെറ്റായ സ്വാധീനങ്ങളിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിക്കുക
D) എല്ലാ ഉത്തരവും ശരിയാണ്

**25) യിസ്രായേൽക്കാരുടെ ആദ്യകാലത്തെ ആരാധനരീതികളിൽ ഉൾപ്പെടാത്തതു തെരഞ്ഞെടുക്കുക.**
**A) അപ്പം മുറിക്കൽ**
B) മൂന്നു പ്രധാന പെരുന്നാളുകൾ
C) സാക്ഷ്യപെട്ടകം
D) സമാഗമനകൂടാരം

**26) തന്നിരിക്കുന്നവയിൽ സുന്നഗോഗ് ആരാധനയുടെ ഭാഗമല്ലാതിരുന്നത് തെരഞ്ഞെടുക്കുക**
**A) സുവിശേഷങ്ങളുടെ പഠനം**
B) സങ്കീർത്തന ആലാപം
C) പൊതുപ്രാർത്ഥനകൾ
D) പ്രസംഗം

**27) ഇസ്രായേൽ ജനതയുടെ പെസഹാ ആചരണത്തിന്റെ ഭാഗമായ വിടുതലിന്റെ ചരിത്രം അനുസ്മരിക്കുവാൻ വായിച്ചിരുന്ന പുസ്തകം?**
**A) ആവർത്തനം**
B) പുറപ്പാട്
C) ലേവ്യ
D) യോശുവ

**28) പുതിയ നിയമത്തിൽ യേശുവിന്റെ കുരിശുമരണത്തെ പെസഹാ പുറപ്പാട് സംഭവവുമായി താരതമ്യപ്പെടുത്തുന്നതിന് ഉപയോഗിക്കാവുന്ന പരാമർശം ?**
**A) യേശുവിനെ പെസഹാ കുഞ്ഞാട് എന്ന് പൗലോസ് അപ്പോസ്തോലൻ വിളിക്കുന്നു**
B) മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്നും ഇനി കുടിക്കുകയില്ല എന്ന് യേശു

പറയുന്നു
C) ഞാൻ ഇസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന കാലം വരും എന്ന പരാമർശം
D) എന്റെ ശരീരം ഭക്ഷിക്കുകയും ഇനി രക്തം കുടിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ഉണ്ട് എന്ന വാക്യം

**29) വിശുദ്ധ കുർബാനയിൽ കാസായിൽ വീഞ്ഞു പകരുമ്പോൾ തുല്യ അളവ് വെള്ളം ചേർക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു ?**
**A) കർത്താവിന്റെ ദൈവത്വം മനുഷ്യത്വവുമായി സംയോജിപ്പിക്കുന്നതിനെ**
B) സ്വർഗ്ഗവും ഭൂമിയും തമ്മിൽ ചേരുന്നതിനെ
C) ആത്മീയചിന്തകൾ മനുഷ്യന്റെ മനസ്സിൽ വരുന്നതിനെ
D) ഉത്തരങ്ങൾ എല്ലാം ശരിയാണ്

**30) ആരാധനയിലെ 'ദൈവമേ നീ പരിശുദ്ധനാകുന്നു ...' എന്ന ത്രൈശുദ്ധ കീർത്തനത്തെ പ്പറ്റി സഭ മനസ്സിലാക്കുന്നത് എന്താണ് ? ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക**
**A) കർത്താവിന്റെ കുരിശുമരണ സമയത്തു് തന്റെ ആത്മാവിനെ പിതാവിന്റെ കൈകളിൽ സമർപ്പിച്ചപ്പോൾ ന്രോപ്പെന്മാർ പാടിയ ഗീതം**
B) സ്രാപ്പികളെ കണ്ട യെശയ്യാവിന്റെ ദർശനം
C) തിരുവചനത്തിൽ നിന്നുള്ള വായനയെ സൂചിപ്പിക്കുന്നു
D) യേശു നമുക്കുവേണ്ടി കുരിശിക്കപ്പെട്ടു എന്നത് വിളിച്ചു പറയുവാൻ

**31) ആരാധനയിൽ ആദ്യത്തെ മൂന്നു തുബ്ദേനുകളുടെ പ്രധാന ഉള്ളടക്കം?**
**A) ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന**
B) മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന
C) പരിശുദ്ധന്മാരോടുള്ള അപേക്ഷ
D) ആദിമ പിതാക്കന്മാരുടെ സ്മരണ

**32) കൽക്കദോൻ സുന്നഹദോസിലും അതിനു ശേഷവും സത്യവിശ്വാസസംരക്ഷകരാ യിരുന്നവരെ ഓർക്കുന്ന തുബ്ദേൻ?**
**A) അഞ്ചാം തുബ്ദേൻ**
B) നാലാം തുബ്ദേൻ
C) മൂന്നാം തുബ്ദേൻ
D) ആറാം തുബ്ദേൻ

**33) 'ദൈവവചനത്താൽ ശുദ്ധീകരിക്കപ്പെടുന്ന അപ്പം ഉടൻ തന്നെ വചനമായ ദൈവത്തിന്റെ ശരീരമായി മാറുന്നു' എന്ന് പഠിപ്പിച്ച പിതാവ് ?**
**A) നിസ്സയിലെ വിശുദ്ധ ഗ്രീഗോറിയോസ്**
B) യെരുശലേമിലെ കൂറിലോസ്
C) തീർത്തുല്യൻ
D) അലക്സാന്ത്രിയയിലെ വിശുദ്ധ അത്താനാസിയോസ്

**34) വിശുദ്ധ കുർബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ സമയത്തു് പാടുന്ന ഗീതം?**
**A) അൻപുടയോനെ നിൻ ...**
B) വെളിവ് നിറഞ്ഞോരീശോ ...
C) യാചിക്കേണ്ടതും സമയമിതാ ...
D) അന്യോന്യം ശ്ലോമോ നൽകിൻ ...

**35) പഴമവായനയ്ക്കു മുമ്പ് 'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം ...' എന്ന് പറയുന്നതിൽ , നീതിമാന്മാരുടെ കൂടാരം എന്തിനെ സൂചിപ്പിക്കുന്നു ?**
**A) വിശുദ്ധ സഭ**

B) സമാഗമനകൂടാരം
C) ഇസ്രായേൽ ജനങ്ങൾ മരുഭൂമിയിൽ താമസിച്ച കൂടാരം
D) ദാവീദ് രാജാവിന്റെ കാലത്തു ജനങ്ങൾ താമസിച്ചിരുന്ന കൂടാരങ്ങൾ

**36) തന്നിരിക്കുന്നവയിൽ വിശുദ്ധ കുർബാനയെ സംബന്ധിച്ചു പ്രാധാന്യമല്ലാത്തത്?**

**A) വിശുദ്ധ കുർബാന സഭകൾ തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകമാണ്**

B) ഇത് രക്ത രഹിതമായ ബലിയാണ്
C) വിശുദ്ധ കുർബാന പാപപരിഹാരം നൽകുന്നതാണ്
D) വിശുദ്ധ കുർബാന ത്രിത്വ ആരാധനയാണ്

**37) തന്നിരിക്കുന്നവയിൽ ബൈബിളിനെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത് ?**

**A) ഓർത്തഡോക്സ് - റോമൻ കത്തോലിക്കാ സഭകൾ 39 പുസ്തകങ്ങൾ ഉള്ള പഴയ നിയമമാണ് സ്വീകരിച്ചിരിക്കുന്നത്**

B) ജാമ്നിയ കൗൺസിലിൽ, പലസ്തീനിൽ മുൻപ് നിലനിന്നിരുന്ന 39 പുസ്തകങ്ങൾ കാനോനിക ഗ്രന്ഥങ്ങൾ ആയി സ്വീകരിച്ചു
C) സെപ്റ്റുവജിന്റ് ബൈബിളിൽ പലസ്തീനിൽ ഉണ്ടായിരുന്ന ബൈബിളിനേക്കാൾ 7 പുസ്തകങ്ങൾ കൂടുതൽ ഉണ്ട്
D) മലങ്കര സഭയിൽ ഇപ്പോൾ പ്രചാരത്തിൽ ഉള്ളത് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന ബൈബിൾ ആണ്

**38) 'നാം ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രെ അധീനരാകുന്നു ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**

B) ക്രിസ്തുവാണ് നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തിയത്
C) പഴയ നിയമത്തിലെ അനുഷ്ഠാനപരവും ആചാരപരങ്ങളുമായ നിയമങ്ങൾ അതേപടി നമുക്ക് പ്രസക്തമല്ല
D) നിയമങ്ങളും ചട്ടങ്ങളും ആചരിക്കുന്നത് വഴി ദൈവരാജ്യം പ്രാപിക്കാം എന്നുള്ള സിദ്ധാന്തം നമുക്ക് സ്വീകാര്യമല്ല

**39) ആദിമ ക്രൈസ്തവ സഭ നേരിട്ട പീഡനങ്ങളുമായി യോജിക്കാത്ത പ്രസ്താവന**

**A) പീഡനങ്ങൾ നിഖ്യാ സുന്നഹദോസ് കൂടുവാൻ കാരണമായി**

B) പീഡനങ്ങൾ സഭയുടെ വളർച്ചക്ക് കാരണമായി
C) രക്ത സാക്ഷിത്വം ഏറ്റവും ശ്രേഷ്ഠമായി കരുതുവാൻ കാരണമായി
D) അനേകരെ സഭയിലേക്കു ആകർഷിക്കുവാൻ കാരണമായി

**40) മലങ്കര സഭ അംഗീകരിക്കുന്ന മൂന്ന് പൊതുസുന്നഹദോസ് നടന്ന വർഷങ്ങൾ അടങ്ങിയ ശരിയായ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**

**A) AD 325, AD381, AD 431**

B) AD 231, AD 325, AD 451
C) AD 50, AD 231, AD 325
D) AD 325, AD 431, AD 451